LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

64 (1804) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സി.എം.ഡി.ആർ.എഫ്. നമ്പർ 13503/2015, തീയതി 17-3-2015 ആയി അപേക്ഷ സമർപ്പിച്ചിരുന്ന ശ്രീ. നാരായണൻകുട്ടി, കുന്നശ്ശേരിയിൽ കടുത്തുരുത്തി, കോട്ടയം എന്നയാൾക്ക് ധന അനുവദിച്ചിട്ടുണ്ടോ; ഇതിന്റെ ജി.ഒ. ഇറങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കോപ്പി നൽകാമോ; ധന കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) സി.എം.ഡി.ആർ.എഫ്. നമ്പർ 13030, തീയതി 16-3-2015 ആയി അപേക്ഷ സമർപ്പിച്ചിരുന്ന ശ്രീമതി ഏലിയാമ്മ, കട്ടത്തറ വീട്, ചമ്പക്കുളം, കുട്ടനാട്, ആലപ്പുഴ എന്നയാളുടെ നിവേദനത്തിൽ ധന അനുവദിച്ചിട്ടുണ്ടോ, ധന കൈമാറിയിട്ടുണ്ടോ; ഇതിന്റെ ജി.ഒ. ഇറങ്ങിയിട്ടുണ്ടോ; ആയതിന്റെ കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ) ശ്രീ. നാരായണൻകുട്ടി, കുന്നശ്ശേരിയിൽ, കടുത്തുരുത്തി, കോട്ടയം എന്നയാൾക്ക് സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 4739/15/റവ. തീയതി 10-9-2015 പ്രകാരം 25,000 രൂപ അനുവദിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കളക്ടറേറ്റ് വഴി താലൂക്കിൽ നിന്നും ധന അപേക്ഷകർക്ക് വിതരണം ചെയ്യുന്നതാണ്. പകർപ്പ് അനുബന്ധം (1) ആയി ചേർക്കുന്നു.*

(ബി) ശ്രീമതി ഏലിയാമ്മ, കട്ടത്തറ വീട്, ചമ്പക്കുളം, കുട്ടനാട്, ആലപ്പുഴ എന്നയാൾക്ക് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3055/15/റവ. തീയതി 17-6-2015 പ്രകാരം 10,000 രൂപ അനുവദിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കളക്ടറേറ്റ് വഴി താലൂക്കിൽ നിന്നും ധന അപേക്ഷകർക്ക് വിതരണം ചെയ്യുന്നതാണ്. പകർപ്പ് അനുബന്ധം (2) ആയി ചേർക്കുന്നു.*

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

65 (1805) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ ഉൾപ്പെടുത്തി തിരൂർ മണ്ഡലത്തിൽ എത്ര ധന നൽകി;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിൽ 10,000 രൂപയ്ക്ക് മുകളിൽ ധനസഹായം നൽകിയ എത്ര അപേക്ഷകൾ ഉണ്ടായിരുന്നു; അവരുടെ പേര് വിവരം, നൽകിയ തുക സഹിതം വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് സൂക്ഷിക്കാറില്ല.

പറമ്പിക്കുളം-ആളിയാർ കരാർ

66 (T+1806) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരളത്തിന് നൽകുന്ന ജല വിഹിതം എത്രയെന്ന് വിശദമാക്കുമോ;

(ബി) കേരള-തമിഴ്നാട് ജലവിനിമയ നിയന്ത്രണ ബോർഡ് യോഗം ചേർന്നത് എന്നാണ് എന്ന് വ്യക്തമാക്കുമോ; പ്രസ്തുത ബോർഡ് വർഷത്തിൽ എത്ര തവണ യോഗം ചേരുമെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത കരാർ പ്രകാരം നടപ്പ് വർഷം സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ള ജലം എത്രയെന്നും ഭാവിയിൽ എത്ര ലഭിക്കുമെന്നും ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും വിശദമാക്കുമോ?

ഉത്തരം

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.) കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ട ജലവിഹിതം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(i) പെരിയാർ നദീതടത്തിലെ നീരാർ വിയറിൽ നിന്നുള്ള ജലം മുഴുവനും ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള കാലയളവിൽ കേരളത്തിലേയ്ക്ക് തിരിച്ച് വിടേണ്ടതാണ്. ഈ ജലത്തിന്റെ അളവ് കരാറിൽ നിജപ്പെടുത്തിയിട്ടില്ല. ഈ ജലം കേരളത്തിന് എല്ലാ വർഷവും ലഭിച്ചുവരുന്നുണ്ട്.

(ii) ചാലക്കുടി നദീതടത്തിൽ നിന്നും ഓരോ വർഷവും 12.3 ടി.എം.സി. ജലം കേരളത്തിന് അവകാശപ്പെട്ടതാണ്. ഇത് കേരള ഷോളയാർ പവർഹൗസിൽ അളന്നു പുറത്തുവിടേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly